**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **25-06-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ വന സംരക്ഷണ സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വന സംരക്ഷണ സമിതികളുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | അരുവിക്കര മണ്ഡലത്തിൽ തിരുവനന്തപുരം വനം ഡിവിഷനിൽ 4 വന സംരക്ഷണ സമിതികളും അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിലെ റെയ്ഞ്ചുകളിൽ 14 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിച്ച വരുന്നു. ആയതിന്റെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾ വനങ്ങളുടെ അഭിവൃദ്ധിക്കും വനവിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും വന സംരക്ഷണത്തിനും എത്രമാത്രം സഹായകരമായിരുന്നുവെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾ മുഖേന തദ്ദേശികളായ ആദിവാസികൾക്കും മറ്റ് വനാശ്രിത ജനവിഭാഗങ്ങൾക്കും വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ സാധിക്കുന്നു. കാട്ടുതീ പ്രതിരോധത്തിന്റെ ഭാഗമായി EDC/VSS അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗാംഗുകളെ നിയോഗിക്കുന്നതുമൂലം കാട്ടുതീയിൽ നിന്ന് വനത്തെ സംരക്ഷിക്കുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ EDC/VSS അംഗങ്ങൾ ശേഖരിക്കുന്ന വനോൽപ്പന്നങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി വിവിധ വനശ്രീ യൂണിറ്റുകൾ/ഇക്കോഷോപ്പുകൾ മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. അതോടൊപ്പം വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്ന ട്രക്കിംഗ്, ക്യാമ്പിംഗ്, ബോട്ടിങ്, സൈറ്റ് സീയിങ് എന്നീ പരിപാടികളിൽ ഗൈഡുമാരായി നിയോഗിച്ചുകൊണ്ട് ഇക്കോ ടൂറിസം പ്രവർത്തനം സുഗമമാക്കുന്നു. ഇതോടൊപ്പം ഈ അംഗങ്ങളെ താൽകാലിക ആൻറി പോച്ചിംഗ് വാച്ചർമാരായി നിയോഗിച്ചും വന സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | ഡിവിഷൻ | വന സംരക്ഷണ സമിതികളുടെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം വനം ഡിവിഷൻ | 1. കല്ലാർ<br>2. കുട്ടപ്പാറ<br>3. നാരകത്തിൻകാല<br>4. പട്ടൻകുളിച്ച പാറ |

**അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ**

| ക്രമ നമ്പർ | റെയ്ഞ്ച് | ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ പേര് |
|---|---|---|
| 1 | പേപ്പാറ വന്യജീവി സങ്കേതം | 1. PET ഇ.ഡി.സി<br>2. പൊടിയം<br>3. ചെറുമാങ്കൽ<br>4. പൊടിയക്കാല<br>5. ചാത്തൻകോട്<br>6. ബോണക്കാട് |
| 2 | എ.ബി.പി. റെയിഞ്ച്, കോട്ടൂർ | 1. AART EDC<br>2. മാങ്കോട്<br>3, അലവിള<br>4. പറക്കോണം<br>5. കാപ്പുകാട്<br>6. KET EDC |
| 3 | നെയ്യാർ വന്യജീവി സങ്കേതം | 1. ആമല<br>2. അണകാൽ |